# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 03/06/2016

## (27 SHABAAN 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## FASTING AND OBEDIENCE / വ്രതാനുഷ്ഠാനവും അനുസരണവും

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം വിശുദ്ധ ഖുർ ആൻ 2:184 – 187 വചനങ്ങൾ ഓതിയശേഷം **വ്രതാനുഷ്ഠാനവും അനുസരണവും** എന്ന വിഷയത്തിലേക്ക് പ്രവേശിച്ചു. **" വിശ്വാസികളെ ! നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്നു സുരക്ഷിതരാകും വിധം) ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി. (ഈ വ്രതാനുഷ്ഠാനും) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ, നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ (അവർ) എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി നൽകേണ്ടതാണ്) ഇനി ആരെങ്കിലും പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ. സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർ ആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമസാൻ. അതുകൊണ്ട്, നിങ്ങളിൽ ആരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ ( ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങൾ ആരെങ്കിലും (താൽക്കാലികമായി) രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റുദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും നിങ്ങളെ സൻമാർഗ്ഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും, നിങ്ങൾ കൃതജ്ഞതകാണിക്കുന്നതിനും വേണ്ടിയാകുന്നു. എന്നെ സംബന്ധിച്ച് എന്റെ ദാസൻമാർ നിന്നോടു ചോദിക്കുന്നപക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നൽകും. അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട്, അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സൻമാർഗം പ്രാപിക്കുന്നതിനുവേണ്ടി. "**(2:184 – 187)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരിശുദ്ധവും പരിപാവനവുമായ റമദാൻ മാസത്തിലേക്ക് നാം ഒരിക്കൽകൂടി പ്രവേശിക്കുവാൻ പോവുകയാണ്. ആദ്യമായി, ഇത്തരം ഒരനുഗ്രഹം നൽകിയ, അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുകയാണ് നാം ചെയ്യേണ്ടത്. ഒരിക്കൽകൂടി പ്രസ്തുത മാസത്തെ വരവേൽക്കുവാൻ അവൻ നമ്മെ പ്രാപ്തരാക്കിയിരിക്കുന്നു. മുഴുവൻ ജീവിത സമയത്തെക്കാളും വിലയുള്ള ഒരു മാസമാണിത്. ഈ ഉറപ്പ് നമുക്ക് നൽകുന്നത് സർവ്വശക്തനായ അല്ലാഹുവാകുന്നു. ഈ മാസത്തിന്റെ വിലയും നിലയും വേണ്ട പോലെ മനസ്സിലാക്കുവാൻ ഈ അനുഗ്രഹീത മാസത്തിന്റെ പരമാവധി പ്രയോജനങ്ങൾ നേടുവാൻ വിശുദ്ധഖുർആൻ സൂറ അൽബഖറയിൽ 184 മുതൽ 187 വരെയുള്ള വചനങ്ങളിൽ അല്ലാഹു പറയുന്നു.
**(2: 184 – 187 ആരംഭത്തിൽ കൊടുത്ത പരിഭാഷ വായിക്കുക.)**

ഈ വചനങ്ങളിലൂടെ അല്ലാഹു (ത) എന്താണ് പറയുന്നതെന്നു നോക്കാം. അല്ലയോ വിശ്വാസികളെ ! നിങ്ങൾക്കു മുമ്പുള്ളവർക്ക് വ്രതാനുഷ്ഠാനം നിർബന്ധമാക്കിയതുപോലെ നിങ്ങൾക്കും നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ സൂക്ഷ്മതയുള്ളവരായിരിക്കുവാൻ വേണ്ടി (തെറ്റുകളിൽ നിന്ന്) അങ്ങനെയായാൽ നിങ്ങൾക്ക് നേർപാതയിലൂടെ സഞ്ചരിക്കുവാൻ സാധിക്കും, അങ്ങനെയാവുമ്പോൾ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നവരായി തീരും. ഈ വ്രതാനുഷ്ഠാനം എണ്ണപ്പെട്ട ദിനങ്ങളിലാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. യാത്ര

ക്കാരോ രോഗികളോ ആണെങ്കിൽ, അവർക്ക് അതിനുശേഷം, നഷ്ടപ്പെട്ടവ, പിടിച്ചു വിടാവുന്നതാണ്. ഇവിടെ, മാർഗ്ഗമുള്ളവർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഒരു സാധുവിന് ആഹാരം കൊടുക്കുവാൻ കഴിവുള്ള വർ എന്നർത്ഥം. അങ്ങനെ വ്രതാനുഷ്ഠാനം നഷ്ടമാകുന്നവർ, ഇത്തരത്തിൽ, സാധുജന ഭക്ഷണം നൽകി, പ്രായശ്ചിത്തം ചെയ്യേണ്ടതാണ്. മറ്റൊരർത്ഥം അതിനുശേഷവും വ്രതാനുഷ്ഠാനം നിർവ്വഹിക്കുവാൻ കഴി വില്ലാത്തവർ, (അതായത് റമദാൻ മാസത്തിനുശേഷവും) പ്രായശ്ചിത്തം എന്ന നിലയിൽ ഒരു ദരിദ്രന് ഭക്ഷണം നൽകേണ്ടതാണ്. ഇനി തന്റേതായ നിലയിൽ ഒരാൾ കൂടുതൽ നന്മ ചെയ്യുന്നുവെങ്കിൽ, അതവന് ഏറ്റവും നല്ലതു തന്നെ. വ്രതാനുഷ്ഠാനത്തിലൂടെ കരഗതമാകുന്ന അതിമഹനീയ പ്രതിഫലങ്ങൾ ഒരാൾ അറിയുന്നു വെങ്കിൽ, തീർച്ചയായും ഒരു ഒഴിവുകഴിവും കൂടാതെ അവൻ വ്രതാനുഷ്ഠാനം നിർവ്വഹിക്കുക തന്നെ ചെയ്യു ന്നതാണ്. മറ്റൊരു വാക്കിൽ അല്ലാഹു പറയുന്നു. **"വ്രതാനുഷ്ഠാനം തന്നെയാണ് നമുക്ക് ഏറ്റവും ഉത്തമമായ ത്."**

ഇവിടെ ഞാൻ **തത്തവ്വഅ** എന്ന വാക്കിന് മനപൂർവ്വം അർത്ഥം കൊടുത്തതല്ല. കാരണം ഈ വാക്കിന് രണ്ട് അർത്ഥങ്ങളുണ്ട്. അറബിക് വ്യാകരണ നിയമപ്രകാരം രണ്ടർത്ഥവും അനുവദനീയവുമാണ്. ഒരർത്ഥം ഒരാൾ സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന നല്ല പ്രവർത്തനങ്ങൾ, അപ്പോൾ അത് അയാൾക്ക് ഏറ്റവും നല്ലതാ യിരിക്കും. ആ പരിഭാഷയിൽ ചില പ്രശ്നങ്ങളുണ്ട്. (അതായത് പറയപ്പെട്ട വചനങ്ങളിൽ) മുമ്പ് പ്രസ്താവി ച്ചിട്ടുള്ളതാണ്, അതായത് രോഗികൾ, യാത്രക്കാർ അവർ പിന്നീട് വ്യതാനുഷ്ഠാനം നിർവ്വഹിച്ചാൽ മതിയെന്ന്. നാം പറയുകയാണെങ്കിൽ, അതായത് ഒരാൾ തന്റെ ഇഷ്ടപ്രകാരം, സ്വമനസ്സാലെ നല്ല കാര്യങ്ങൾ ചെയ്യുക യാണെങ്കിൽ, അതവന് നല്ലതാണ്. അപ്പോൾ നിങ്ങളുടെ ശ്രദ്ധ ഒരു വസ്തുതയിലേക്ക് ക്ഷണിക്കുകയാണ്. റമദാൻ മാസത്തിൽ, വ്രതമനുഷ്ഠിക്കാതിരിക്കുവാനുള്ള അനുവാദം അല്ലാഹു നൽകിയിട്ടും, അതായത് നിങ്ങൾ രോഗിയായിട്ടും, യാത്രയിലായിരിന്നിട്ടും നിങ്ങൾ വ്രതം അനുഷ്ഠിക്കുകയാണെങ്കിൽ, അത് നിങ്ങൾക്ക് നന്നാ യിരിക്കും, കാരണം, അപ്രകാരം ചെയ്യുന്നത് നിങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന ഒരു നല്ല പ്രവർത്തി യാണ്. ആയതിനാൽ ഈ വചനത്തിലെ, ഈ വാക്കിന്, ഇത്തരം ഒരർത്ഥം കൂടിയുണ്ട്. അതായത് പ്രശ്നം ഇതാണ്. ഒരു ഫർസായ കാര്യം നിർവ്വഹിക്കുന്ന സമയത്ത് ഒരാൾക്ക് സ്വന്തം ഇഷ്ടപ്രകാരമുള്ള നഫ്ൽ ചെയ്യുവാൻ കഴിയില്ല. ഫർസ് ചെയ്യേണ്ട സമയമാണെങ്കിൽ, ഫർസ് ചെയ്യലാണ് നിർബന്ധം. ഫർസ്ന് പകരം നഫ്ൽ ചെയ്യാം എന്ന ആശയം നിലനിൽക്കുന്നതല്ല. ആയതിനാൽ, നഫ്ൽ വ്രതാനുഷ്ഠാന സമയത്ത്, ഒരാൾക്ക് നിർബന്ധ വ്രതാനുഷ്ഠാനം നിർവ്വഹിക്കുവാൻ കഴിയില്ല. ഇതൊരു പ്രശ്നം സ്യഷ്ടിക്കും, ഒരു വൈരുദ്ധത! ഈ പ്രത്യേക വചനത്തിൽ, ഇത്തരം സാഹചര്യത്തിൽ, ഇത് പ്രയോഗവൽക്കരിക്കുവാൻ സാധിക്കുകയില്ല. രണ്ടാമത്തെ അർത്ഥം **"ഫമൻ തത്വവ്വഅ ഖയ്റൻ ഫഹൂവ ഖയ്റുൽലഹു"** ഒരാൾ (അല്ലാഹുവിനോടുള്ള) അനുസരണത്തിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് നല്ലത് പ്രവർത്തിച്ചാൽ, അതവന് ഏറ്റവും ഗുണകരം തന്നെ. അതായത് അനുസരണത്തിന്റെ മറ്റൊരർത്ഥമാണ് നല്ല പ്രവർത്തി. മനസ്സിൽ ഒരാൾ അനുസരണ ത്തിന്റെ സത്ത സൂക്ഷിക്കുന്നു, എന്നിട്ട് അയാൾ ഒരു നല്ല പ്രവർത്തി ചെയ്യുന്നു. ഇത് യഥാർത്ഥത്തിൽ നല്ല പ്രവർത്തനങ്ങളുടെ യഥാർത്ഥ പൂർത്തീകരണമാണ്. ഇത് നിങ്ങൾക്ക് തികച്ചും ഏറ്റവും ഗുണകരം തന്നെ യാണ്. ഹസ്രത് മസീഹ്മൗഊദ് (അ) ന്റെ ഒരു ഫത്വയുണ്ട്. അതിൽ അദ്ദേഹം പ്രസ്താവിക്കുന്നു. ഒരാൾ റമദാൻ മാസത്തിൽ രോഗിയാണെങ്കിൽ, അല്ലെങ്കിൽ യാത്രയിലാണെങ്കിൽ അവൻ വ്രതമനുഷ്ഠിക്കുകയാ ണെങ്കിൽ അതൊരു നല്ല പ്രവർത്തിയായി കണക്കാക്കാവതല്ല. സർവ്വ ശക്തനായ അല്ലാഹു പറഞ്ഞിരിക്കു ന്നു. അത് മറ്റു ദിവസങ്ങളിൽ പിടിച്ചു വിടുക എന്ന്, ആയതിനാൽ അല്ലാഹുവിന്റെ കൽപനകൾ അനുസരി ക്കുന്നതിനേക്കാൾ നല്ല പ്രവർത്തി വേറെയില്ല. ആയതിനാൽ ഇവിടെ അനുസരണം ആവശ്യപ്പെടുന്നത്, ഒരാൾ റമദാൻ മാസത്തിൽ യാത്രയിലാണെങ്കിൽ, റമദാൻ മാസത്തിൽ ആ ദിനം നോമ്പനുഷ്ഠിക്കുവാൻ പാടില്ല, പകരം റമദാനുശേഷം അത് നിർവ്വഹിക്കാവുന്നതാണ്. ആയതിനാൽ, ഈ വചനത്തിലെ, രണ്ടാമത്തെ അർത്ഥമാണ് ഏറ്റവും നന്നായി കരുതാവുന്നത്. ഒന്നാമത്തെ അർത്ഥത്തിലും ഒരാൾ അതിനെ നോക്കി കാണുകയാണെ ങ്കിൽ, അതിന് എതിരു പറയുവാൻ കഴിയുകയില്ല. ഒരു ഖുർആൻ വ്യാഖ്യാതാവ് രണ്ടർത്ഥവും എടുത്തു കാണിക്കുന്നു. അദ്ദേഹം രണ്ടർത്ഥവും വേർതിരിച്ചു കാണിക്കുന്നു. ഒരാൾ നിർബന്ധമല്ലാത്ത, നല്ല പ്രവർത്തി കൾ ചെയ്യുന്നു, മറ്റൊരാൾ അല്ലാഹുവിനെ അനുസരിക്കുന്നതിലൂടെ മാത്രം നല്ല പ്രവർത്തികൾ ചെയ്യുന്നു. അപ്പോൾ, ഈ വചനങ്ങളുടെ വിഷയവുമായി കൂടുതൽ ചിന്തിക്കുമ്പോൾ, ഏറ്റവും യോജ്യമായി വരുന്നത് **"അനുസരണം"** എന്ന അർത്ഥം തന്നെയാണ്. വചനത്തിന്റെ അവസാന ഭാഗം എടുത്ത് പറയുന്നത്, വ്രതാ നുഷ്ഠാനമാണ് നിങ്ങൾക്ക് ഉത്തമമായത്, നിങ്ങൾ അറിയുന്നവരാണെങ്കിൽ! ഇത് റമദാൻ മാസത്തിൽ മാത്രം

പ്രയോഗതലത്തിൽ കൊണ്ടു വരേണ്ട കാര്യമാണ്. മുമ്പ് പരാമർശിച്ച വിഷയങ്ങളിലെ പൊതുവായ പ്രയോഗവൽക്കരണമല്ല. സർവ്വ ശക്തനായ അല്ലാഹു പറയുന്നു. നിങ്ങൾക്കറിയില്ലെങ്കിൽ, അത് മറ്റൊരു കാര്യമാണ്, ഇത് നിങ്ങൾക്ക് സമ്പൂർണ്ണമായും അറിയാമെങ്കിൽ (റമദാൻ മാസത്തിൽ വ്രതാനുഷ്ഠാനം സംബന്ധമായി) നിങ്ങൾ ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതാണ്. അതായത് റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നതാണ് തീർച്ചയായും നിങ്ങൾക്ക് ഉത്തമമായതെന്ന് ! പിന്നീട് സർവ്വശക്തനായ അല്ലാഹു പറയുന്നു. റമദാൻ മാസത്തിലാണ് ഖുർ ആൻ അവതരിച്ചത്. മാനവകുലത്തിന് വെളിപാടുകളിലൂടെ, യഥാർത്ഥ മാർഗ്ഗ ദർശനത്തിന്റെ, വ്യക്തമായ തെളിവുകൾ അത് നൽകുന്നു. നന്മയും തിന്മയും അതിലൂടെ വേർതിരിച്ചിരിക്കുന്നു. ആയതിനാൽ ഒരാൾ തന്റെ വീട്ടിലുണ്ടെങ്കിൽ, അയാൾ വ്രതമനുഷ്ഠിക്കേണ്ടതാണ്. ഒരാൾ രോഗിയോ യാത്രയിലോ ആണെങ്കിൽ, നഷ്ടപെട്ട വ്രതങ്ങൾ റമദാൻ മാസത്തിനുശേഷം പിടിച്ചു വീട്ടേണ്ടതാണ്. അല്ലാഹു(ത) നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്, നിങ്ങൾക്കവൻ ഒരു പ്രയാസവും ഉദ്ദേശിക്കുന്നില്ല. വ്രതാനുഷ്ഠാനം പൂർത്തിയാക്കുവാനും, അല്ലാഹുവിന്റെ മഹത്വത്തെ പ്രകീർത്തനം ചെയ്യുവാനും, അവന് നന്ദി രേഖപ്പെടുത്തുവാനും അവൻ ആഗ്രഹിക്കുന്നു, കാരണം അവനാണ് നിങ്ങൾക്ക് മാർഗ്ഗദർശനം നൽകിയിരിക്കുന്നത്.

ഈ വചനത്തെക്കുറിച്ച് ഞാൻ വളരെയധികം ചിന്തിക്കുകയുണ്ടായി, അങ്ങനെ ഞാനൊരു നിഗമനത്തിലെത്തിചേർന്നു, അതായത്, വിശുദ്ധ ഖുർ ആൻ, നിങ്ങൾക്കെല്ലാം അറിയുന്നതുപോലെ, റമദാൻ മാസത്തിലാണ് അവതരിപ്പിക്കപ്പെട്ടത്! ഖുർ ആൻ റമദാൻ മാസത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്, അഥവാ മിക്കവാറും റമദാൻ മാസത്തിലാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. റമദാൻ മാസത്തിൽ മാത്രമാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് എന്ന് നമുക്ക് പറയുവാൻ കഴിയില്ല. എന്നാൽ, അതേ, ഓരോ റമദാൻ മാസത്തിലും ഹസ്രത് ജിബ്രീൽ (അ) ഹസ്രത് മുഹമ്മദ് (സ) യുടെ അരികിൽ വരുകയും, ഖുർആന്റെ അവതരിപ്പിക്കപ്പെട്ട ഭാഗങ്ങൾ പാരായണം ചെയ്യിക്കുകയും ചെയ്തിരുന്നു എന്നുള്ളത് സത്യമായ വസ്തുതയാണ്. ഞാനിത് ഇവിടെ നിർത്തുന്നു. ഇൻശാ അല്ലാഹ് അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുവാനുള്ള തൗഫീഖ് അല്ലാഹു (ത) എനിക്ക് നൽകട്ടെ. സർവ്വ ശക്തൻ നമുക്ക് എല്ലാ പേർക്കും നല്ല ആരോഗ്യം പ്രദാനം ചെയ്യട്ടെ, ഈ അനുഗ്രഹീതമാസമായ റമദാനിലെ അനുഗ്രഹങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നമ്മെ പ്രാപ്തരാക്കട്ടെ ! ഇൻശാ അല്ലാഹ് ! **ഞാൻ നിങ്ങൾക്കെല്ലാപേർക്കും റമദാൻ മുബാറക്ക് നേരുന്നു.**

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*